"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്- മഴക്കാല പൂർവ്വ ശുചീകരണം - മാവേലിക്കര മുനിസിപ്പാലിറ്റിയ്ക്ക് തുക നല്കുന്നതിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡബ്ല്യു.എം) വകുപ്പ്**

സ.ഉ.(സാധാ) നം.1681/2023/LSGD തീയതി,തിരുവനന്തപുരം, 18-08-2023

---

പരാമർശം:-

1. 30/03/2023 ലെ സ.ഉ(സാധാ) നം.763/2023/LSGD നമ്പർ സർക്കാർ ഉത്തരവ്
2. 11/05/2023 ലെ ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറിടെ 398/D/2022/SM നമ്പർ കത്ത്

**ഉത്തരവ്**

2021-22 ലെ മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾക്ക് മാവേലിക്കര മുനിസിപ്പാലിറ്റിയ്ക്ക് ശുചിത്വമിഷനിൽ നിന്നും അനുവദിച്ച 2,80,000/- രൂപയ്ക്ക് ഓൺലൈൻ മുഖേന ബിൽ സമർപ്പിച്ചിരുന്നുവെങ്കിലും മാന്വൽ ബിൽ സമർപ്പിക്കാത്തതിനാൽ തുക നഗരസഭയ്ക്ക് നഷ്ടപ്പെട്ടതായ സാഹചര്യത്തിൽ പരാമർശം 1 പ്രകാരം തുക റീ അലോട്ട് ചെയ്ത് നൽകുന്നതിന് അനുമതി നല്കിയിരുന്നു. 30.03.2023 ന് ശുചിത്വമിഷനിൽ നിന്നും തുക റി അലോട്ട് ചെയ്ത് നൽകിയെങ്കിലും മാർച്ച് മാസം 28-ാം വരെ മാത്രമേ ട്രഷറിയിൽ ബില്ലുകൾ സ്വീകരിച്ചിരുന്നുള്ളുവെന്നും, ട്രഷറി നിയന്ത്രണത്തിലായതിനാൽ നഗരസഭയ്ക്ക് ബില്ല് മാറാൻ കഴിഞ്ഞിട്ടില്ലായെന്നും ടി തുക അനുവദിച്ച് നല്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് മാവേലിക്കര മുൻസിപ്പൽ സെക്രട്ടറി അഭ്യർത്ഥിച്ചിതിന്റെ അടിസ്ഥാനത്തിൽ തുക റീ അലോട്ട് ചെയ്ത് നൽകുന്നതിന് പരാമർശം 1 ലെ ഉത്തരവ് ഭേദഗതി ചെയ്ത് പുതിയ ഉത്തരവ് പുറപ്പെടുവിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് പരാമർശം 2 പ്രകാരം എക്സിക്യൂട്ടീവ് ഡയറക്ടർ ശുചിത്വ മിഷൻ അഭ്യർത്ഥിച്ചിരിന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 30.03.2023 ലെ സ.ഉ(സാധാ)നം.763/2023/LSGD പ്രകാരം അനുവദിച്ച 2,80,000/- രൂപ (രണ്ട് ലക്ഷത്തി എൺപതിനായിരം രൂപ മാത്രം) 2217-80-800-71-ശുചിത്വ കേരളം-P എന്ന ശീർഷകത്തിൽ നിന്നും നടപ്പ് വർഷത്തെ വിഹിതത്തിന്റെ ലഭ്യതയ്ക്ക് വിധേയമായി നല്കുന്നതിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പ്രീത.കെ.എസ്.
അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, LSGD, സ്വരാജ് ഭവൻ, തിരുവനന്തപുരം

ഡയറക്ടർ (Rural), LSGD, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ,ശുചിത്വ മിഷൻ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (A&E) കേരള,തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (G&SSA/E&RSA) കേരള,തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ,ഇൻഫൊർമേഷൻ കേരള മിഷൻ
ഡയറക്ടർ(I&PRD),വെബ് & മീഡിയ
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
M.k.pradeesh Kumar
Date: 19-08-2023 12:36:23
സെക്ഷൻ ഓഫീസർ